# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജീവനക്കാര്യം- അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ താൽകാലിക സ്ഥാനക്കയറ്റം നല്കി ഉത്തരവാകുന്നു-

പരാമർശം : 01.07.2021 ലെ E1-16362/2021/Prhq നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ. E6-1177/2020/PrHQ; തീയതി : 16-09-2021</u>**

വിയ്യൂർ സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I ശ്രീ ആർ എം പുഷ്പരാജൻ 31.08.2021 ൽ സർവീസിൽ നിന്നു വിരമിച്ചതിനാലും ഗ്രേഡ് I ജീവനക്കാർക്ക് ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിലേക്ക് പരാമർശത്തിലൂടെ താൽകാലിക സ്ഥാനക്കയറ്റം നല്കിയത് മൂലവും അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ പ്രൊമോഷൻ ക്വാട്ടയിൽ രണ്ട് ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

01.01.2021 ലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം കണ്ണൂർ സ്പെഷ്യൽ സബ് ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ കെ കെ അബ്ദുൾ മജീദ്, തവനൂർ സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ ഇ കൃഷ്ണദാസ് എന്നിവരാണ് അടുത്തതായി അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I ലേക്ക് സ്ഥാനക്കയറ്റം ലഭിക്കേണ്ടത്. ടിയാൻമാർക്കെതിരെ അച്ചടക്ക നടപടികൾ നിലവിലില്ല.

മേൽ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന രീതിയിൽ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നല്കി ഉത്തരവാകുന്നു.

- കണ്ണൂർ സ്പെഷ്യൽ സബ് ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ കെ കെ അബ്ദുൾ മജീദിനെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് താൽകാലിക സ്ഥാനക്കയറ്റം നല്കി തലശ്ശേരി സ്പെഷ്യൽ സബ് ജയിലിൽ ഒഴിവുള്ള തസ്തികയിൽ നിയമിക്കുന്നു.
- തവനൂർ സെൻട്രൽ ജയിലിലെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II ശ്രീ ഇ കൃഷ്ണദാസിനെ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് താൽകാലിക സ്ഥാനക്കയറ്റം നല്കി തവനൂർ സെൻട്രൽ ജയിലിൽ ഒഴിവുള്ള തസ്തികയിൽ നിയമിക്കുന്നു.

ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കി വിവരമറിയിക്കേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹിബ് ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : 1. ബന്ധപ്പെട്ട ജീവനക്കാർ (സൂപ്രണ്ടുമാർ മുഖാന്തിരം)
2. സൂപ്രണ്ട്
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം തവനൂർ
സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ/തലശ്ശേരി/കോഴിക്കോട്

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, സീനിയർ എ.ഓ., പിഎ ടു ഡിജിപി, സൂപ്രണ്ട് (എസ്റ്റ്), സിഎ ടു ഡിജിപി/ഡിഐജി (HQ), ഐടി സെൽ 3,

ഫയൽ, കരുതൽ ഫയൽ.